# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5387** **01.07.2019 ൽ മറുപടിക്ക്.**

## ചെറുകിട വ്യവസായ സഹകരണ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ചെറുകിട വ്യവസായ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | എ) 1969 ലെ കേരളാ സഹകരണ സംഘം നിയമത്തിലെ 4 മുതൽ 7 വരെയുള്ള വകുപ്പുകൾ പ്രകാരവും കേരളാ സഹകരണ സംഘം ചട്ടങ്ങളിലെ 3 മുതൽ 5 വരെ ചട്ടങ്ങളും പ്രകാരമാണ് സഹകരണ സംഘങ്ങൾ ആരംഭിക്കുന്നത്.<br><br>വകുപ്പ് 4 പ്രകാരം പൊതു താൽപ്പര്യത്തോടുകൂടിയതോ അല്ലെങ്കിൽ അംഗങ്ങളുടെ സാമ്പത്തിക മേൻമ ലക്ഷ്യമാക്കിയുള്ളതോ ആയ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ ഈ രണ്ടുതരത്തിലുള്ള സംഘങ്ങളും രൂപീകരിക്കാവുന്നതാണ്. ഒരു സഹകരണ സംഘം ആരംഭിക്കുന്നതിന് വ്യത്യസ്തമായ 25 കുടുംബങ്ങളിൽ നിന്നെങ്കിലുമുള്ള വ്യക്തികൾ ചേർന്ന് ഫോറം നമ്പർ 1 ൽ രജിസ്ട്രാർക്ക് അപേക്ഷ നൽകേണ്ടതുണ്ട്. കയർ, കൈത്തറി സഹ:സംഘങ്ങൾ ഒഴികെയുള്ള ചെറുകിട വ്യവസായ സഹ:സംഘങ്ങളും ഹാന്റി ക്രാഫ്റ്റ് സംഘങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് 10 അംഗങ്ങൾ മതിയാവുന്നതാണ്. വകുപ്പ് 3 പ്രകാരം വ്യവസായ സഹകരണ സംഘം സംസ്ഥാന പരിധിയിലുള്ള രജിസ്ട്രാറിന്റെ അധികാരങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറിൽ നിക്ഷിപ്തമാണ്. അതേ സമയം കൈത്തറി, യന്ത്രത്തറി മേഖലയുടേയും കയർ മേഖലയുടേയും രജിസ്ട്രാറുടെ അധികാരം |

യഥാക്രമം കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടർക്കും കയർ വികസന ഡയറക്ടർക്കുമാണ്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധി ഒതുങ്ങിനിൽക്കുന്ന വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ രജിസ്ട്രാറുടെ പൂർണ്ണ അധികാരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ്. ആയതിനാൽ ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയുള്ള വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ് സമർപ്പിക്കേണ്ടത്. മറ്റുള്ളവ വ്യവസായ വാണിജ്യ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

താഴെപ്പറയുന്ന രേഖകളാണ് സമർപ്പിക്കേണ്ടതത്.

1. വ്യത്യസ്ത 25 കുടുംബങ്ങളിൽ നിന്നെങ്കിലുമുള്ള വ്യക്തികൾ ഒപ്പിട്ട അപേക്ഷാ ഫാറം (2 പകർപ്പ്) (കയർ, കൈത്തറി ഒഴികെയുള്ള ചെറുകിട വ്യവസായ സംഘങ്ങളും ഹാൻറിക്രാഫ്റ്റ് സംഘങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് 10 അംഗങ്ങൾ മതിയാകുന്നതാണ്).
2. സംഘത്തിന്റെ നിർദ്ദിഷ്ട നിയമാവലിയുടെ മൂന്ന് പകർപ്പ്.
3. നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവുവച്ചിട്ടുള്ള തുക ബാങ്കിൽ ഒടുക്കിയ സാക്ഷ്യപത്രം.
4. പ്രവേശന ഫീസും ഓഹരി മൂലധനവും നൽകിയിട്ടുള്ള വ്യക്തികളുടെ പേരും അവർ നൽകിയ തുകയും വ്യക്തമാക്കുന്ന പട്ടികയുടെ രണ്ട് പകർപ്പ്.
5. സംഘം ഉദ്ദേശിക്കുന്ന വ്യാപാരത്തിന്റെ സാമ്പത്തിക ഭദ്രതയുടെ വിശദാംശങ്ങൾ കാണിക്കുന്ന പദ്ധതി രേഖ.
6. അപേക്ഷാഫീസ് ട്രഷറിയിൽ അടച്ച ചെലാൻ രസീത്.
7. രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റു രേഖകൾ.

അപേക്ഷ തയ്യാറാക്കി മുഖ്യ സംഘാടകൻ നേരിട്ടോ തപാൽ മുഖേനയോ ബന്ധപ്പെട്ട രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ രജിസ്ട്രാർ നിരസിക്കുന്ന പക്ഷം 60 ദിവസത്തിനകം സർക്കാരിന് അപ്പീൽ നൽകേണ്ടതാണ്.

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ആക്റ്റ്, റൂളുകൾ എന്നിവ പ്രകാരമാണ് നടപടികൾ നിർദ്ദേശിച്ചിരിക്കുന്നത്. കേരളാ സഹകരണ സംഘം നിയമത്തിൽ 110 വകുപ്പുകളും കേരളാ സഹകരണ സംഘം ചട്ടങ്ങളിൽ 200 ചട്ടങ്ങളും ആണുള്ളത്. |
| ബി) | ചെറുകിട വ്യവസായങ്ങൾക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ; | ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കായി വ്യവസായ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>• സംരംഭകത്വ സഹായ പദ്ധതി - പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.<br><br>• നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് വാർഷിക പലിശയിൽ 6 മുതൽ 8 % വരെ പലിശ സബ്സിഡി പദ്ധതിയിലൂടെ അനുവദിക്കുന്നു.<br><br>• കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി - സ്ഥിരമൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപ വരെയും വനിത/യുവാക്കൾ/SC/ST എന്നിവർക്ക് 50% പരമാവധി 3 ലക്ഷം രൂപ വരെയും അനുവദിക്കുന്നു.<br><br>• തകർച്ച നേരിടുന്ന എംഎസ്എംഇകളുടെ പുനരുദ്ധാരണ പദ്ധതി<br><br>• പ്രളയബാധിതരായിട്ടുള്ള നിലവിലുള്ള എം.എസ്.എം.ഇ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിലേക്കായി 2019-20 സാമ്പത്തിക വർഷം മുതൽ പ്രളയ പുനരുദ്ധാരണ പദ്ധതി (വിഹിതം - 1000 ലക്ഷം) , പ്രളയ പുനർ നിർമ്മാണ പദ്ധതി (വിഹിതം - 600 ലക്ഷം) എന്നീ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| സി) | വനിതാ സംരംഭകർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ എന്നറിയിക്കാമോ; | സി) & ഡി) | ഉണ്ട്. സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15%, പരമാവധി 20 ലക്ഷം രൂപ അനുവദിക്കുമ്പോൾ വനിതാ സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു. |
| ഡി) | ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | കൂടാതെ വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശയിൽ 25 ലക്ഷം രൂപ വരെ ആറു വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി വഴി നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**